# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.73 11.06.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ

ചോദ്യം | ഉത്തരം

ശ്രീ.കെ.മുരളീധരൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.എ.വാഹീദ്

ശ്രീ.ഷിബു ബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള നിയമപ്രകാരം 3 വർഷത്തിൽ ഒരിക്കൽ തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ട തായിട്ടുണ്ട്. ആയതിലേയ്ക്ക് പുതുക്കേണ്ട മാസവും, തൊട്ടടുത്ത് 2 മാസവും ഗ്രേസ് പീരീഡ് ആയി അനുവദിക്കാറുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരു വർഷക്കാലയളവ് ഗ്രേസ് പീരീഡ് അനുവദിച്ചു വരുന്നു. യഥാസമയം പുതുക്കാൻ കഴിയാത്ത വികലാംഗ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനായി രേഖാമൂലം അറിയിപ്പ് നൽകുകയും, ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകി രജിസ്ട്രേഷൻ പുതുക്കുന്ന തിന് അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ രോഗം, പ്രസവം, കരുതൽ തടങ്കൽ/നിയമം അനുസരിച്ചുള്ള അറസ്റ്റ് പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക്, ബന്ധപ്പെട്ട അധികാരി കളിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്നതിന് എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റിൽ നിന്നും അനുമതി നൽകി വരുന്നുണ്ട്. വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുതുക്കാൻ സർക്കാർ അനുമതി നൽകി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി, രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഏത് കാലയളവിലെ രജിസ്ട്രേഷനു കൾക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കുന്നത് ; | (സി) | 01.01.1993 മുതൽ 26.11.2013 വരെയുള്ള കാലയളവിലെ. വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | | വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റിയോടുകൂടി പുതുക്കു ന്നതിന് സർക്കാർ വിവിധ കാലയളവിൽ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ നടപ്പിലാക്കുന്നതിനോടനു ബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കുലർ മുഖേന സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും കിട്ടുന്ന അപേക്ഷകളിൻമേൽ അതാത് ദിവസം തന്നെ നടപടി സ്വീകരിച്ച് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകണമെന്നും, നിയമാ നുസൃതം സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെടുത്ത ണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം എല്ലാ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും മറ്റും നിരന്തരം പ്രാദേശികമായി പരമാവധി പ്രചാരണം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ